विश्वकर्मा योजना 2023

# പ്രധാനമന്ത്രി വിശ്വകർമ്മ പദ്ധതി

## P M VISWAKARMA YOJANA



# പ്രധാനമന്ത്രി വിശ്വകർമ്മ പദ്ധതി

## പ്രത്യേകതകൾ

- പരമ്പരാഗതസ്വയംതൊഴിലുകളിൽ ഏർപ്പെട്ടവർക്ക് 3 ലക്ഷം രൂപ വരെ ഈടുരഹിത വായ്പ.
- 5% പലിശ.
- തൊഴിലിനായി നൈപുണ്യ പരിശീലനം, ദിനംപ്രതി 500 രൂപ സ്റ്റൈപ്പന്റ് പരിശീലനകാലത്ത് ലഭിക്കുന്നു.
- പദ്ധതിക്കായി 13,000 കോടി രൂപ വകയിരുത്തിയിരിക്കുന്നു.
- രജിസ്ട്രേഷനും പരിശോധനയും കഴിഞ്ഞാൽ, പി.എം വിശ്വ കർമ്മ സർട്ടിഫിക്കറ്റ്, ഐ.ഡി കാർഡ് എന്നിവ നൽകും.
- പരമാവധി പരിശീലനം 7 ദിവസം. പൂർത്തിയായാൽ ആദ്യ വർഷം 1 ലക്ഷം രൂപ വായ്പ ലഭിക്കും, 18 മാസത്തെ തിരിച്ചടവ്.
- തിരിച്ചടവ് പൂർത്തിയായാൽ 2 ലക്ഷം കൂടി വായ്പ ലഭിക്കും 30 മാസം കൊണ്ട് തിരിച്ചടക്കണം.
- UPI മുഖേന ഇടപാട് നടത്തിയാൽ ഓരോ ഇടപാടിനും 1 രൂപ ആനുകൂല്യം ലഭിക്കും. പ്രതിമാസം പരമാവധി 100 ഇടപാട്.
- 13% പലിശയാണെങ്കിലും ഗുണഭോക്താവ് 5% അടച്ചാൽ മതിയാകും. 8% കേന്ദ്ര സർക്കാർ വിഹിതം.
- ഉത്പന്നങ്ങൾ വിപണനം നടത്താനും, ബ്രാൻഡിംഗ് നടത്താനും നാഷണൽ കമ്മറ്റി ഓഫ് മാർക്കറ്റിങ്ങിന്റെ പിന്തുണ ലഭിക്കും.

## പദ്ധതിയിൽ എങ്ങനെ ചേരാം?

- നിങ്ങളുടെ പ്രദേശത്തുള്ള കോമൺ സർവീസ് സെന്ററുകൾ ( CSC ) വഴിയോ **pmvishwakarma.gov.in** വെബ്സൈറ്റ് വഴിയോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

GLOBAL GIVERS FOUNDATION

## സമർപ്പിക്കേണ്ട രേഖകൾ

- ആധാർ, മൊബൈൽ ഫോൺ നമ്പർ, റേഷൻ കാർഡ്, റേഷൻ കാർഡില്ലെങ്കിൽ എല്ലാ കുടുംബാംഗങ്ങളുടെയും ആധാർകാർഡ് സമർപ്പിക്കാവുന്നതാണ്.

## അർഹരായ 18 വിഭാഗങ്ങൾ

- മരപ്പണിക്കാർ, തയ്യൽക്കാർ, ശിൽപികൾ, ചെരുപ്പ് നന്നാക്കുന്നവർ, വള്ളമുണ്ടാക്കുന്നവർ, കൊല്ലപ്പണിക്കാർ, താഴ് നിർമ്മിക്കുന്നവർ, അലക്ക് തൊഴിലാളികൾ, ബാർബർ, സ്വർണ്ണ പണിക്കാർ, മേസ്തിരിമാർ, കളിപ്പാട്ട നിർമാതാക്കൾ, മാലകോർക്കുന്നവർ, ചുറ്റിക അടക്കമുള്ള തൊഴിലുപകരണങ്ങൾ ഉണ്ടാക്കുന്നവർ, കുട്ട/ ചവിട്ടി/ ചൂൽ/ കയർ ഉണ്ടാക്കുന്നവർ, മീൻവല നെയ്യുന്നവർ.

GLOBAL GIVERS FOUNDATION

സാമൂഹ്യവും സാമ്പത്തികവുമായി പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ശാക്തീകരണം ലക്ഷ്യമിട്ട്, വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം, ആരോഗ്യപരിചരണം, സാമ്പത്തിക സ്വയംപര്യാപ്തതയ്ക്കുള്ള അവസരമൊരുക്കൽ, സദ്ഭരണ മാതൃകകളുടെ പ്രോത്സാഹനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നു.



PREPARED & PUBLISHED BY
GLOBAL GIVERS FOUNDATION